# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2604** — **21/06/2012 - ൽ മറുപടിക്ക്**

## സംസ്ഥാന സിലബസ് വിദ്യാർത്ഥികൾ പ്ലസ് വൺ അലോട്ട്മെന്റിൽ സി.ബി.എസ്.ഇ വിദ്യാർത്ഥികളെക്കാൾ പിന്നിലായ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ:കെ.എസ്.സലീഖ | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പത്താംതരത്തിൽ മുഴുവൻ വിഷയത്തിലും എ പ്ലസ് നേടിയ സംസ്ഥാന സിലബസ് വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിനായി ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചപ്പോൾ ഇതേ നിലവാരത്തിലുള്ള സി.ബി.എസ്.ഇ വിദ്യാർത്ഥികളേക്കാൾ പിറകിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ അടിയന്തരമായി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ WGPA (Weighted Grade Point Average) കണക്കാക്കുന്ന ഫോർമുലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ന്യൂനത പരിഹരിച്ചിട്ടുണ്ട്.

(സി) കേരള സിലബസിലെയും സി.ബി.എസ് ഇ സിലബസിലെയും ഗ്രേഡിംഗ് എപ്രകാരമാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരള സിലബസിലെയും സി.ബി.എസ്.ഇ സിലബസിലെയും കുട്ടികളുടെ ഗ്രേഡിംഗ് കണക്കാക്കുന്നത് താഴെപ്പറയുന്ന ഫോർമുല ഉപയോഗിച്ചാണ്.

$$WGPA = \frac{TGP+GSW}{TS+TSW} + \frac{(BP-MP)}{10}$$

TGP - Total Grade Point
GSW- Total Grade Value of Subjects for which Weightage is given
TS - Total number of Subjects
TSW- Total number of Subjects for which Weightage is given
BP - Bonus Point
MP - Minus Point

ഇതു പ്രകാരം ഒരേ ഗ്രേഡ് പോയിന്റുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഒരേ WGPA ആയിരിക്കും ലഭിക്കുന്നത്.

(.... 2)

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിലുള്ള വിവേചനപരമായ ഗ്രേഡിംഗ് അപാകത്തിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ഏത് വിധത്തിലുള്ള നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഏകജാലക സംവിധാനത്തിന്റെ തുടക്കത്തിൽ കരിക്കുലം കമ്മിറ്റിയും മറ്റു വിദഗ്ദ്ധരും ചേർന്ന് രൂപകല്പന ചെയ്തതാണ് ഇന്നത്തെ പ്രവേശന രീതി. |
| (ഇ) | ഇത്തരത്തിലുള്ള അശാസ്ത്രീയമായ ഗ്രേഡിംഗ് അപാകത്തിലൂടെ സംസ്ഥാന സിലബസിൽ കുട്ടികളെ പഠിപ്പിക്കാനയയ്ക്കുന്ന രക്ഷാകർത്താക്കളെ വിഷമത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ സി.ബി.എസ്.ഇ യെ പ്രോത്സാഹിപ്പിക്കുന്ന നടപടിയായി വിലയിരുത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ആദ്യ ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ അപാകത ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുകയും ചെയ്തു. ഇപ്പോൾ സ്റ്റേറ്റ് സിലബസ് വിദ്യാർത്ഥികൾക്കും സി.ബി.എസ്.ഇ വിദ്യാർത്ഥികൾക്കും ഏകജാലക സംവിധാനത്തിൽ തുല്യപരിഗണനയാണ് ലഭിക്കുന്നത്. |

Parvathy

**സെക്ഷൻ ഓഫീസർ.**